HON'BLE MR. A. J. JOHN : പല കമ്പനികളിലും അങ്ങിനെ ചെയ്തിട്ടുണ്ട്.

MR. K. A. MATHEW : അങ്ങിനെ വ്യവസ്ഥയുണ്ടെങ്കിൽ അതു പരിപാലിക്കുന്നതിന് ഗവണ്മെൻറു നിഷ്കർഷിക്കുമോ?

HON'BLE MR. A. J. JOHN : വ്യവസ്ഥയുണ്ടെങ്കിലും അതു കമ്പനിയുടെ റൂളുകളെക്കൂടി ആശ്രയിച്ചിരിക്കും. കമ്പനികളിൽ ഷെയർ എടുത്തു എന്നുള്ള കാരണംകൊണ്ടുമാത്രം ഗവണ്മെൻറിനു അങ്ങിനെ നിഷ്കർഷിക്കാൻ അവകാശമുണ്ടായിരിക്കണമെന്നില്ല.

MR. K. RAMACHANDRAN (*Pathanamthitta I—Kammala*) : ഇൻഡസ്ട്രിയൽ ലയിസാൺ ആഫീസർ ആരാണ് ?

HON'BLE MR. A. J. JOHN : മി. കുമാരൻ.

MR. K. RAMCHNDRAN : ഇൻഡസ്ട്രിയൽ ലയിസാൺആഫീസർ ആയിരിക്കുന്നതിന് അദ്ദേഹത്തിന്റെ യോഗ്യതകൾ എന്തെല്ലാമാണെന്നുപറയാമോ?

MR. PRESIDENT അതു ചോദ്യം ഇപ്പോൾ ഉദിക്കുന്നില്ല .

MR. P. S. NATARAJA PILLAI (*Trivandrum V—General*): Does the Government think it necessary or is it in the interest of the country to encourage such industries by giving them loans?

HON'BLE M. A. J. JOHN : That depends upon the financial conditions of Government.

ടെലഫോണും ഇലക്ട്രിക്ക് പവ്വറും.

*77. MR. MOHAMMED MUSTAFA : താഴെകാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഇലക്ട്രിസിറ്റിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ടെലഫോണും, ഇലക്ട്രിക്ക പവ്വറും ലഭിക്കാത്തതുമൂലം ഇവിടത്തെ വ്യവസായികളും വ്യാപാരികളും വളരെക്കാലമായി വിഷമിച്ചുവരുന്നുവെന്ന് ഗവണ്മെൻറിനറിയാമോ?

(ബി) ഫോണിനേറയും പവ്വർസപ്ലൈയുടേയും ഉടമസ്ഥാവകാശം കരിഞ്ചന്തയിൽ വിൽപ്പനനടത്തി വരുന്നതായി ഗവണ്മെൻറ് ഗ്രഹിച്ചിട്ടുണ്ടോ ?

(സി) ഈ കുഴപ്പങ്ങൾ പരിഹരിക്കുന്നതിനും ആവശ്യക്കാർക്കു ഡിപ്പാർട്ടുമെൻറിൽ നിന്നു തന്നെ ഇവ ലഭിക്കുന്നതിനും ഗവണ്മെൻറ് എന്തെങ്കിലും സത്വരനടപടികൾ നടത്തിയിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. K. R. ELANKATH : (എ) അറിയാം. (ബി) ഗ്രഹിച്ചിട്ടില്ല. (സി) ബി-യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യത്തിനു പ്രസക്തിയില്ല.

MR. MOHAMMED MUSTAFA : ടെലഫോണുകൾ പൊതുജനങ്ങളുടെ ആവശ്യത്തിനു കൊടുക്കാൻ സാവുത്തായിട്ടില്ലെന്നു പറഞ്ഞു തുടങ്ങിയിട്ടു എത്രകാലമായി എന്നു അറിയാമോ?

HON'BLE MR. K. R. ELANKATH : ടെലഫോൺ എക്സ്റ്റൻഷൻ തന്നെ ഒരു സപ്ലവൽസപ്രതിയൻസരിച്ചാണു നടത്തുന്നതു്. അതനുസരിച്ചു് പത്തനാപുരം താലൂക്കിൽ ഫ്രഫർ-ൽ തന്നെ ടെലഫോൺ ലൈൻ നീട്ടണമെന്നു ഉദ്ദേശിക്കുന്നുണ്ടു്. സാധനസാമഗ്രികൾ കിട്ടിക്കഴിഞ്ഞാൽ ഉടൻതന്നെ ചെയ്യുന്നതാണു്.

MR. MOHAMMED MUSTAFA : പൊതുവേ തിരുവിതാംകൂറിൽ പല പട്ടണങ്ങളിലും ടെലഫോൺ ആവശ്യപ്പെട്ടുകൊണ്ടു പൊതുജനങ്ങളിൽ നിന്നും അപേക്ഷകൾ ഉണ്ടായിട്ടും അവയൊന്നും അനുവദിച്ചിട്ടില്ലെന്നു് അറിയാമോ?

HON'BLE MR. K. R. ELANKATH : പല അപേക്ഷകളും അനുവദിക്കാൻ സാധിക്കാതെ വന്നിട്ടുണ്ടു്.

MR. MOHAMMED MUSTAFA . അതിനു് എന്തെങ്കിലും പരിഹാരം ഉണ്ടാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

HON'BLE MR. K. R. ELANKATH : ആവശ്യമുള്ള സാധനസാമഗ്രികൾക്കു് ഓർഡർ കൊടുത്തിട്ടുണ്ടു്. സാധനങ്ങൾ കിട്ടിക്കഴിഞ്ഞാൽ കൂടുതൽ കൊടുക്കുന്നതിനു് സാധിക്കും. അതു കൂടാതെ തന്നെ ഇലക്ട്രിക്കു് കറന്റും ആവശ്യംപോലെ സപ്ലൈ ചെയ്യാൻ ജോലികൾ നടന്നുവരുന്നുണ്ടു്. മാട്ടുപ്പെട്ടിയിലും ചെങ്കുളത്തും നടക്കുന്ന പണികൾ പൂർത്തിയാകുമ്പോൾ ഇപ്പോൾ കിട്ടുന്നതിന്റെ മൂന്നോ നാലോ ഇരട്ടി കറന്റു കൂടുതൽ ഉൽപ്പാദിപ്പിക്കാൻ സാധിക്കും. അപ്പോൾ ജനങ്ങൾക്കു് ആവശ്യംപോലെ കൊടുക്കാൻ സാധിക്കുമെന്നാണു് ഉദ്ദേശിക്കുന്നതു്.

MR. MOHAMMAD MUSTAFA : സംസ്ഥാനത്തിന്റെ ഏതെല്ലാം ഭാഗങ്ങളിലേക്കാണു് ടെലഫോൺ ലൈൻ നീട്ടാൻ ഉദ്ദേശിക്കുന്നതെന്നു പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE Mr K. R. ELANKATH : നോട്ടീസ് കൂടാതെ പറയാൻ നിവൃത്തിയില്ല. ചില സ്ഥലങ്ങളിൽ അടുത്ത കാലത്തു തന്നെ ലൈൻ നീട്ടിയിട്ടുണ്ട്. കഴിഞ്ഞ ആഴ്ചയിൽതന്നെ ഇവിടെ സി. ഡി. ആഫ്സ് പഠിയിലേക്കു ലൈൻ നീട്ടിക്കൊടുത്തിട്ടുണ്ട്.

MR. MOHAMMED MUSTAFA : ടെലഫോണിന് പുതിയ നമ്പരുകൾ കൊടുക്കുന്നുണ്ടോ?

HON'BLE MR. K. R. ELANKATH : ബോർഡിൽ സ്ഥലമുള്ളതുപോലെ കൊടുക്കുന്നുണ്ട്. ഇപ്പോൾ തന്നെ തിരുവനന്തപുരത്താണെങ്കിൽ ഒരു പത്തോ ഇരുപതോ എണ്ണം കൂടി കൊടുക്കാൻ സാധിക്കും. എന്നാൽ കൊല്ലത്തും ആലപ്പുഴയും സ്ഥലം തീരെ ഇല്ലാതിരിക്കുകയാണ്.

MR. MOHAMMED MUSTAFA : ബോർഡിൽ സ്ഥലം കൂടുതൽ ഉണ്ടാക്കുന്നതിന് എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ?

HON'BLE MR. K. R. ELANKATH : അതിനും ശ്രമിക്കുന്നുണ്ട്.

MR. P. K. KRISHNAN SASTRI : ഇലക്ട്രിസിറ്റി ആവശ്യപ്പെട്ടാൽ ചിലർക്കു കൊടുക്കാതിരിക്കുന്നതായി അറിയാമോ?

HON'BLE MR. K. R. ELANKATH : ചിലർക്ക് കൊടുക്കാതിരിക്കുന്നുണ്ട്. ഇപ്പോൾ കൊടുക്കാനേ സാധ്യമാകൂ എന്നുള്ളപ്പോൾ ഒരു അപേക്ഷകർ ഉണ്ടായിരുന്നാൽ എല്ലാവർക്കും കൊടുത്തു എന്നു വരുന്നതല്ല.

MR. MANNAR GOPALAN NAIR : മുൻ അപേക്ഷയെ വിഗണിച്ചിട്ടു പിൻ അപേക്ഷകർക്ക് കൊടുത്തിട്ടുണ്ടോ?

HON'BLE MR. K. R. ELANKATH : സാധാരണ അങ്ങനെ ചെയ്യാറില്ല. എന്നാൽ അത്യാവശ്യമില്ലാത്ത ഒരാൾ മുൻപേ അപേക്ഷിക്കുകയും അത്യാവശ്യമുള്ള ഒരാൾ അതുകഴിഞ്ഞു അപേക്ഷിക്കുകയും ചെയ്താൽ അത്യാവശ്യമുള്ള ആളിനായിരിക്കും കൊടുക്കുന്നത്.

MR. P. K. KRISHNAN SASTRI : ഇലക്ട്രിസിറ്റി വിതരണം ചെയ്യുന്നതിന് എന്തെങ്കിലും പ്രത്യേക വ്യവസ്ഥകൾ ഉണ്ടോ?

HON'BLE MR. K. R. ELANKATH : ഉണ്ട്, അതനുസരിച്ചുതന്നെയാണ് കൊടുക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

Mr. P. K. KRISHNAN SASTIRI: ചില സ്ഥലങ്ങളിൽ കൊടുക്കാതിരിക്കുന്നതിന് പ്രത്യേക കാരണമുണ്ടോ?

HON'BLE Mr. K. R. ELANKATH : പ്രത്യേക കാരണമൊന്നുമില്ല. പൊതുവെ ആവശ്യാനുസരണം വിതരണം ചെയ്യാൻ മതിയായ കറൻറ് ഇപ്പോൾ കിട്ടുന്നില്ല.

Mr. PANDAVATHT SANKARA PILLAI (*Karthikapalli III—General*) : ലൈറ്റിനുവേണ്ടി അപേക്ഷിക്കുന്നവർക്ക് മുൻഗണന കൊടുക്കാതെ മറ്റുള്ളവർക്കു കൊടുത്തിട്ടുണ്ടോ?

HON'BLE Mr. K. R. ELANKATH : ചില വ്യവസ്ഥകളനുസരിച്ചാണ് നാമിതു ചെയ്യുന്നത്. എല്ലാവർക്കും കൊടുക്കത്തക്ക സാഹചര്യം ഉണ്ടാകുമ്പോൾ എല്ലാവർക്കും കിട്ടും.

Mr. PANDAVATHT SANKARA PILLAI : ഇപ്പോൾ ചോദിച്ച ചോദ്യങ്ങൾ മുമ്പുകൊല്ലം മൂന്നു ചോദിച്ചപ്പോഴും ഇതേ മറുപടിയാണ് കിട്ടിയത്. അതേതു മയത്തുതന്നെ ചില സ്ഥലങ്ങളിൽ ലൈൻ നീട്ടിക്കൊടുത്തിട്ടുമുണ്ട്.

HON'BLE Mr. K. R ELANKATH : അതു ഞാൻ പറയാം. ചില മുനിസിപ്പൽ ടൗണുകളിലും മറ്റും ഇപ്പോൾതന്നെ ലൈറ്റ് ഉണ്ടായിരിക്കും. അവിടെ ഒരു രണ്ടോ മൂന്നോ പോസ്റ്റ് ഇട്ടാൽ ലൈൻ നീട്ടാൻ സാധിച്ചു എന്നു വരാം. അങ്ങിനെയുള്ളിടത്തു് നീട്ടിക്കൊടുക്കുന്നുണ്ട്. എന്നാൽ വളരെയധികം ദൂരത്തിൽ വേണ്ടിടത്തു് എളുപ്പത്തിൽ കൊടുക്കാൻ സാധിച്ചു എന്നു വരുന്നതല്ല.

Mr. P. CHACKO (*Thiruvalla—V General*) : ജലവിഭവപദ്ധതികൾക്ക് ഇലക്ട്രിസിറ്റി വിതരണത്തിൽ മുൻഗണന കൊടുക്കാൻ ദയവുണ്ടാകുമോ?

HON'BLE Mr. K. R. ELANKATH. ഇപ്പോഴും ധാരാളം കൊടുക്കുന്നുണ്ട്.

പാലങ്ങളുടെ തകരാറുകൾ.

* 78 Mr. MOHAMMED MUSTAFA : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പി. ഡബ്ലിയു. വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly